Circular No.130
Campaign against
Hunger & Disease

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 01 - 03 - 2013

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹു. അച്ചാ,

പുണ്യം പൂക്കുന്ന കാലമായ നോമ്പുകാലം ഈ വിശ്വാസ വർഷത്തിൽ ഒരു വിശ്വാസിക്ക് ആത്മീയതയുടെ പൂക്കാലമാണ്. ഉപവാസ പ്രാർത്ഥനകളിലൂടെയും ദാനധർമ്മങ്ങളിലൂടെയും ജീവിതം നന്മകളാൽ കോർത്തിണക്കി ആദ്ധ്യാത്മിക ശക്തിയാർജ്ജിച്ച് ഉയർപ്പിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്ന ഈ പുണ്യദിനങ്ങളിൽ വലിയ നോമ്പിന്റെ 5-ാം ഞായറാഴ്ച നാം ദാരിദ്ര്യരോഗ നിവാരണ ദിനമായി ആചരിക്കുകയാണ്. നോമ്പിന്റെ പുണ്യം പാവപ്പെട്ടവരുമായി പങ്കുവയ്ക്കുവാൻ നമുക്ക് ലഭിച്ചിരിക്കുന്ന ഈ ദിനം ഫലപ്രദമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

2013ലെ ദാരിദ്ര്യരോഗ നിവാരണ സന്ദേശത്തിന്റെ മുഖ്യപ്രമേയം "ദരിദ്രർക്ക് പ്രത്യാശ എത്തിക്കുക" എന്നതാണ്. ദാരിദ്ര്യത്താലും രോഗത്താലും പ്രത്യാശ നഷ്ടപ്പെട്ട മനുഷ്യർക്ക് ക്രൂശിതനെ കാണിച്ചു കൊടുത്ത് നമ്മിലൂടെ രക്ഷകന്റെ സ്നേഹം പകർന്നു നൽകി പ്രത്യാശയുടെ ലോകത്തിലേക്ക് കരം പിടിച്ചുയർത്തുവാൻ നമുക്ക് സാധിക്കണം. ക്രിസ്തു എന്ന സ്വർഗ്ഗീയ വൈദ്യൻ നന്മ ചെയ്തുകൊണ്ടും തിന്മയുടെ ശക്തികളാൽ അടിച്ചമർത്തപ്പെട്ടവരെ സ്വതന്ത്രരാക്കിക്കൊണ്ടും ചുറ്റി സഞ്ചരിച്ചു (അപ്പ.30-18) എന്ന ദൈവവചനം മനസ്സിൽ ധ്യാനിച്ചുകൊണ്ട് നമ്മുടെ ലോകസഞ്ചാരങ്ങൾ മറ്റുള്ളവർക്ക് നന്മയുടെയും സ്വാതന്ത്ര്യത്തിന്റെയും അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതാവണം. യേശു തന്റെ പിതാവിന്റെ പക്കലേക്ക് മടങ്ങുന്നതിനു മുമ്പ് അവസാന അത്താഴവേളയിൽ കുരിശിലെ വലിയ സ്നേഹത്തെ പ്രകടമാക്കുവാൻ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകുവാനായി മുട്ടുകൾ കുത്തി. ഈ പ്രവർത്തിയിലൂടെ സമൂഹത്തിലെ ഏറ്റവും താഴ്ന്നവർക്കും പാവപ്പെട്ടവർക്കും മാതൃകാപരമായ സ്നേഹത്തിന്റെ പുതിയ വക്താക്കളാകുവാൻ തന്റെ ശിഷ്യരെ ക്ഷണിക്കുകയും ചെയ്തു. യേശുവിന്റെ ഈ മാതൃകയെ പിന്തുടർന്ന് ഓരോ ക്രൈസ്തവനും പുതിയതും വ്യത്യസ്തവുമായ സാഹചര്യങ്ങളിൽ നല്ല സമറിയാക്കാരനെ അനുകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ ഉപമയുടെ അവസാനം "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്ക 10: 37) എന്ന് യേശു പറയുന്നു. ലോകത്തിലെ വിശാല വീഥികളിൽ കണ്ടുമുട്ടുന്ന ശാരീരികവും മാനസീകവുമായി മുറിവേറ്റ നമ്മുടെ സഹോദരങ്ങളുടെ ശുശ്രൂഷകരാകാൻ ഈശോ ഇതിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന രോഗങ്ങളും സഹനങ്ങളും അംഗീകരിക്കുവാനും അവയെ പ്രത്യാശയുടെ പഠന കളരിയാക്കി മാറ്റുവാനും ഈശോ ദൈവകൃപ കൊണ്ട് നമ്മെ സഹായിക്കുന്നു. രോഗികളുടെയും ദരിദ്രരുടെയുമൊക്കെ നിലവിളികൾ അവഗണിക്കപ്പെടരുതാത്ത ദൈവവിളിയാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ സഭ എന്നും പരിശ്രമിച്ചിട്ടുണ്ട്. ഈ നിലവിളിക്കുള്ളിലെ ദൈവവിളിയെ സഭാമക്കളെ ഓർമ്മപ്പെടുത്തുവാനാണ് തിരുസഭയാകുന്ന അമ്മ എല്ലാ വർഷവും നോമ്പിലെ ഒരു ഞായറാഴ്ച ദാരിദ്ര്യരോഗ നിവാരണദിനമായി ആചരിക്കുന്നത്.

ദരിദ്രരും രോഗികളും സമൂഹം അവഗണിക്കപ്പെടുന്നവരുമായ മനുഷ്യരെ പരിഗണിച്ചുകൊണ്ട് സാമൂഹ്യ പ്രവർത്തന മേഖലയിൽ കാലാനുസൃത പഠനങ്ങളും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ അതിരൂപത പ്രവർത്തിക്കുന്നത്. നമ്മുടെ അതിരൂപതയുടെ സാമൂഹ്യ സേവനത്തിന്റെ മുഖമായി 1964 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ( KSSS) സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. തുടർന്ന് മലബാറിന്റെ വികസനം ലക്ഷ്യമാക്കി ആരംഭിച്ച മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ( MASSS) യും ഹൈറേഞ്ചിന്റെ വികസനത്തിന് വേഗത കൂട്ടുവാൻ തുടക്കം കുറിച്ചിരിക്കുന്ന ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി ( GDS) യും നമ്മുടെ സാമൂഹിക പ്രതിബദ്ധതയുടെ പ്രതിഫലനങ്ങളാണ്. നമ്മുടെ

സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ നേതൃത്വത്തിലുള്ള സമഗ്ര വികസന പ്രവർത്തനങ്ങൾ ഓരോ ഇടവകയുടേയും പ്രവർത്തനമായി കണ്ട് പങ്കാളികളാകാൻ കഴിയണം. ആരെയും മാറ്റി നിർത്താതെ തന്നോട് ചേർത്തുനിർത്തി നന്മകൾ ചെയ്ത് കടന്നുപോയ ക്രിസ്തുവായിരിക്കണം നമ്മുടെ വഴികാട്ടി. ഇടവകതലത്തിൽ നടക്കുന്ന സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെ ഉത്തരവാദിത്വം സുപ്രധാനമാണ്. ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഇടവകാതിർത്തിയിലെ നാനാജാതി മതസ്ഥരെ ഇടവകയുടെ സാമൂഹ്യ പ്രവർത്തനത്തിൽ പങ്കുകാരാക്കി യഥാർത്ഥ വികസന പങ്കാളിത്തം സൃഷ്ടിക്കേണ്ടത് ആവശ്യമാണ്.

സഹമനുഷ്യർക്ക് സ്നേഹശുശ്രൂഷ ചെയ്തുകൊണ്ട് ദൈവസ്നേഹത്തിന്റെ മഹത്വം ഓരോ ഇടവകയുടെ പരിധിയിലും പരമാവധി വ്യാപ്തിയിൽ എത്തിക്കുവാൻ ഇടവകകളിലെ ലോക്കൽ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പരിശ്രമിക്കണം. പങ്കുവയ്ക്കലിന്റെ ഉദാത്തമാതൃകയാണല്ലോ നോമ്പുകാലത്ത് നമ്മൾ അനുസ്മരിക്കുന്നതും പ്രാവർത്തികമാക്കേണ്ടതും. ഒരു ഇടവക പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ പ്രത്യേകിച്ച് അടിസ്ഥാന സൗകര്യങ്ങളിലും പരിസ്ഥിതി-കൃഷി-ജല സംരക്ഷണ മേഖലകളിലും ആവശ്യമായ പഠനങ്ങൾ നടത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ ഓരോ ഇടവകയ്ക്കും കഴിയണം. നമ്മുടെ ഇടവകകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗ്രാമവികസന സമിതികൾ, ത്രിതല പഞ്ചായത്ത് ഭരണ സംവിധാനങ്ങൾ, അതിരൂപത സാമൂഹിക സേവന വിഭാഗങ്ങൾ എന്നിങ്ങനെ എല്ലാ പ്രവർത്തന സംവിധാനങ്ങളെയും സംയോജിപ്പിച്ച് ഒരു പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ലോക്കൽ കെ.എസ്.എസ്.എസുകൾ മുൻകൈയ്യെടുക്കണം. അവശതയനുഭവിക്കുന്ന ദൈവമക്കളുടെ ക്ഷേമത്തിനായി ഉദാരമായി പങ്കുവയ്ക്കുന്ന മനോഭാവം വളർത്തിയെടുക്കണം. ജാതിമതഭേദമന്യേ അനേകം കുടുംബങ്ങളുടെ മുഖ്യധാരാവത്ക്കരണത്തിന് നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവരെ അവഗണിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിലേക്ക് പരിഗണിക്കപ്പെടാൻ യോഗ്യനല്ല എന്ന തിരിച്ചറിവ് നമുക്ക് ഏവർക്കും ഉണ്ടാകണം.

ഭൗതീക സമ്പത്തും സുഖസൗകര്യങ്ങളും വർദ്ധിച്ചു ജീവിത സാഹചര്യങ്ങൾ വിശാലമാകുമ്പോഴും പങ്കുവയ്ക്കലിന്റെ പാഠം മറന്ന് ഹൃദയങ്ങൾ കൂടുതൽ സങ്കുചിതമായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഇന്നത്തെ ദുരവസ്ഥ. ബന്ധങ്ങളും ബന്ധങ്ങളുടെ കടപ്പാടുകളും സ്വാർത്ഥതയുടെ ചുറ്റുമതിൽ തീർത്ത് അതിനകത്ത് സുരക്ഷിതനാകാൻ മനുഷ്യൻ ശ്രമിക്കുകയാണ്. വ്യക്തി ജീവിതത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും നന്മകൾ കെടുത്തിക്കളയുന്ന ഈ വലിയ തിന്മയെ അതിജീവിക്കാൻ നോമ്പനുഷ്ഠാനം സഹായകമാകണം. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ഉപവാസമെന്നു ഏശയ്യ പ്രവാചകൻ ബോധ്യപ്പെടുത്തുമ്പോൾ (ഏശയ്യ 58:7) അത് സ്വാർത്ഥതയ്ക്കെതിരേയുള്ള പടയൊരുക്കമായി മാറുന്നു. സ്വന്തം പത്രാസു കാണിക്കുന്ന ആഘോഷങ്ങളിൽ മിച്ചം വരുന്ന ഭക്ഷണ പദാർത്ഥങ്ങൾ അനാഥാലയങ്ങളിൽ എത്തിച്ചു കൊടുക്കുന്നതും ഉടുത്തു മടുത്ത ചില വസ്ത്രങ്ങൾ ആവശ്യക്കാർക്ക് കൊടുക്കുന്നതും മാത്രമാണ് പങ്കുവയ്ക്കലിന്റെ പുണ്യമെന്ന് വിചാരിക്കുന്നവർ ഇന്നേറെയുണ്ട്. അതിനപ്പുറത്തേക്ക് അവസാന തുള്ളി രക്തവും മറ്റുള്ളവർക്കു വേണ്ടി ചിന്തിയ മിശിഹായുടെ ചൈതന്യത്തിലേക്ക് എത്തിച്ചേരുവാനാണ് നാം പരിശ്രമിക്കേണ്ടത്. ഈ ചിന്ത സ്വാർത്ഥതയുടെ പുറന്തോട് പൊട്ടിച്ച് മനുഷ്യസ്നേഹത്തിന്റെ വിശാലതയിലേക്കിറങ്ങുവാൻ നമ്മെ സഹായിക്കും.

ലോകത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് പാവപ്പെട്ടവർക്കും രോഗികൾക്കും പീഢിതർക്കും വേണ്ടി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അവസാനം സഭാപിതാക്കന്മാർ നൽകിയ സന്ദേശത്തെ ഇവിടെ ഞാൻ ആവർത്തിക്കട്ടെ, "കുരിശിന്റെ കനത്ത ഭാരം താങ്ങുന്നവരെ, ഉത്തരമില്ലാത്ത സഹനത്തിന് ഇരയായി തീർന്നവരേ, ധൈര്യമവലംബിക്കുവിൻ. പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും ജീവന്റേതുമായ ദൈവരാജ്യത്തിൽ നിങ്ങൾക്കാണ് മുൻഗണന. നിങ്ങൾ ക്രിസ്തുവിന്റെ സഹനദാസന്മാരാണ്. അവനോടൊപ്പം പ്രവർത്തിക്കുമ്പോൾ നിങ്ങൾ ലോകത്തെ രക്ഷിക്കുന്നു. (The documents of Vatican II) അനുദിനം രോഗികൾക്കും പീഢിതർക്കും സേവനം ചെയ്യുന്നവർക്ക് ഞാൻ നന്ദി പറയുന്നു. അതുവഴി ക്രിസ്തുവിന്റെ അപ്പസ്തോലികകൃപ വ്യക്തികളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായുള്ള നല്ല ഫലം പുറപ്പെടുവിക്കുവാൻ ഇടവരട്ടെ" (പാസ്തർ ബോനൂസ്, 152).

"തിന്നുക, കുടിക്കുക, ആനന്ദിക്കുക" എന്ന എപ്പിക്യൂരിയൻ തത്വം ജീവിത പ്രമാണമാക്കുന്നവർ ഏറുമ്പോൾ ദാരിദ്ര്യത്താലും രോഗത്താലും നിലവിളിക്കുന്ന മനുഷ്യർ വർത്തമാന കാലത്തിലെ വിവേചനത്തിന്റെയും അവഗണനയുടെയും നേർക്കാഴ്ചകളാവുകയാണ്. ഈ നേർക്കാഴ്ചകൾ ഈ നോമ്പ് കാലത്ത് നമുക്ക് ഉൾക്കാഴ്ച പകരണം. ദരിദ്രരോടും രോഗികളോടും ഉള്ള അനുകമ്പയുടെ വഴികളിൽ തെളിഞ്ഞു നിന്ന വജ്രശോഭയാണ് അസീസിയിലെ വി. ഫ്രാൻസിസ്. ആധുനിക മനുഷ്യന്റെ എല്ലാ അഭിനിവേശങ്ങളും തള്ളിച്ചിട്ട ഒരു പച്ച മനുഷ്യൻ. ആർഭാടങ്ങളും ആഡംബരങ്ങളും ആഹ്ലാദങ്ങളും വിലകെട്ട സന്തോഷങ്ങളിലേക്ക് കൂട്ടികൊണ്ട് പോകുമ്പോഴും ഉള്ളിലുറങ്ങിക്കിടക്കുന്ന നന്മയുടെ ഉൾവിളിക്ക് ഹൃദയപരമാർത്ഥതയോടെ പ്രത്യുത്തരിച്ചവൻ. ഉടലിന്റെ മോഹങ്ങളും ഉടയവന്റെ പ്രതീക്ഷകളും തമ്മിലുള്ള ദ്വന്ദയുദ്ധത്തിൽ അദ്ദേഹത്തിന്റെ ആത്മാവ് വിജയം വരിച്ചു. 'യജമാനനൊ'ഴികെ മറ്റൊന്നും ജീവിത ലക്ഷ്യമാക്കാതെ ആകാശത്തിലേക്ക് കൈകൾ വിരിച്ച് പാവപ്പെട്ടവരിലേക്കിറങ്ങി. അപ്പോൾ അദ്ദേഹത്തിന്റെ ആകാശം വിശാലമായി, ഹൃദയം ആകാശത്തോളം വിസ്തൃതവും.

പാവങ്ങൾക്കും രോഗികൾക്കും പീഡിതർക്കും ഇടയിലുള്ള ആകാശമാവണം നമ്മുടെ ജീവിതം. ഉള്ളത് പങ്കുവെച്ച് ഉടയവനെ നമുക്ക് സ്വന്തമാക്കാം സ്നേഹിക്കാം. ദരിദ്രനെ ഞെരുക്കുന്നവൻ സൃഷ്ടാവിനെ നിന്ദിക്കുന്നു, പാവപ്പെട്ടവനോട് ദയ കാണിക്കുന്നവൻ അവിടുത്തെ ബഹുമാനിക്കുന്നു എന്ന സുഭാഷിത വചനങ്ങൾ തിരിച്ചറിവിനും നന്മയിലേക്കുള്ള തിരിച്ചു പോകലിനും നമ്മെ സഹായിക്കട്ടെ. അങ്ങനെ നന്മകൾ നാമ്പിടുന്ന ഒരു നോമ്പുകാലം ദാരിദ്ര്യരോഗ നിവാരണ ദിനാചരണം നമ്മിൽ നിറയ്ക്കട്ടെ. ഉള്ളത് പങ്കുവച്ചും സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കുകാരായും ഈ ദിനത്തെ ധന്യമാക്കാം. നമുക്ക് ദാനമായി ലഭിച്ചതിൽ നിന്നും വേദനയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുന്നത് എല്ലാം നമുക്ക് ദാനമായി നൽകിയ ദൈവത്തോടുള്ള കൃതജ്ഞതാ പ്രകാശനമാണ്. അങ്ങനെ കൃതജ്ഞതയുടെ ബലിയായി ജീവിതം സമർപ്പിക്കുവാൻ ഈ ദാരിദ്ര്യരോഗ നിവാരണ ദിനാചരണം ഉത്തേജനമാകട്ടെ.

പ്രാർത്ഥനാശംസകളോടെ

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ മാർച്ച് 10-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിച്ചറിയിക്കുകയും മാർച്ച് 10 ലെ സ്തോത്രക്കാഴ്ച വാർഷിക തിരട്ടിനോടൊപ്പം അതിരൂപത കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.